(സി) ഇത് സംബന്ധിച്ച വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

(ഡി—എച്ച്) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

കാർഷിക സെൻസസ്

3 [T 5146] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ:
ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക സെൻസസ് നടത്തുന്നത് എപ്പോഴാണ്;

(ബി) കേന്ദ്ര സഹായത്തോടെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഏറ്റവും ഒടുവിൽ നടത്തിയ സെൻസസ് റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) പ്രസ്തുത സെൻസസിൽ കാർഷിക മേഖലയിലുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ചു വർഷത്തിലൊരിക്കലാണ് സംസ്ഥാനത്ത് കാർഷിക സെൻസസ് നടത്തുന്നത്. കാർഷിക വർഷമായി കണക്കാക്കുന്ന ജൂലായ് ഒന്നു മുതൽ ജൂൺ 30 വരെ വരുന്ന പന്ത്രണ്ട് മാസക്കാലത്താണ് ഓരോ സെൻസസും നടക്കുന്നത്.

(ബി) അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) പ്രാഥമിക റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മാത്രം കാർഷിക മേഖലയിലുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുവാൻ സാധിക്കുകയില്ല.

കോസ്റ്റ് ഗാർഡ് കേന്ദ്രങ്ങൾ

4 [5147] ശ്രീമതി രാധാ രാഘവൻ:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, കെ. മുഹമ്മദാലി:
,, വർക്കല കഹാർ:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം കോസ്റ്റ് ഗാർഡ് കേന്ദ്രങ്ങളുണ്ട്;

(ബി) സംസ്ഥാനത്ത് കൂടുതൽ കോസ്റ്റ് ഗാർഡ് കേന്ദ്രങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ എവിടെയെല്ലാം ആരംഭിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എറണാകുളം ജില്ലയിലെ ഫോർട്ടുകൊച്ചിയിലും തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്തും കോസ്റ്റ് ഗാർഡ് കേന്ദ്രങ്ങളുണ്ട്.

(ബി, സി) കോഴിക്കോട് ജില്ലയിലെ ബേപ്പൂരിൽ കോസ്റ്റ് ഗാർഡ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

എഫ്. ഇ. ആർ. എ. രജിസ്ട്രേഷൻ ഉള്ള സംഘടനകൾ

5 [5148] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ സഹായം കൈപ്പറ്റുന്നതിനുള്ള എഫ്. ഇ. ആർ. എ. രജിസ്ട്രേഷൻ ഉള്ളതും കേരളത്തിൽ പ്രവർത്തിക്കുന്നതുമായ സർക്കാർ ഇതര സംഘടനകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം സംഘടനകൾക്ക് ലഭിച്ച വിദേശ സഹായം സംഘടന തിരിച്ച് വ്യക്തമാക്കാമോ;

(സി) മേൽസംഘടനകൾക്ക് എന്തൊക്കെ ആവശ്യങ്ങൾക്കാണ് തുക ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) വിദേശ സഹായം ലഭിക്കുന്ന സർക്കാരിതര സംഘടനകളുടെ പ്രവർത്തനം വിലയിരുത്താൻ എന്തെങ്കിലും സംവിധാനം സർക്കാർ തലത്തിൽ നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഫോറിൻ കോൺട്രിബ്യൂഷൻ (റഗുലേഷൻ) ആക്റ്റ് (എഫ്. സി. ആർ. എ) പ്രകാരം സംസ്ഥാനത്ത് 1500-ൽപ്പരം സംഘടനകൾ/സ്ഥാപനങ്ങൾ വിദേശസഹായം കൈപ്പറ്റുന്നതിലേക്ക് കേന്ദ്ര സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങുകയോ രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടുണ്ട്. 431 സംഘടനകൾ വിദേശ ധനസഹായം കൈപ്പറ്റുന്നതായി സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ട്.

(ബി, സി) വിദേശ സഹായത്തിലൂടെ സംഘടനകൾ കൈപ്പറ്റുന്ന തുകയും അവയുടെ ചെലവും സംബന്ധിച്ച വ്യക്തവും പൂർണ്ണവുമായ വിവരം ലഭ്യമല്ല.

(ഡി) വിദേശ ധനസഹായം ലഭിക്കുന്ന സംഘടനകളുടെ പ്രവർത്തനം സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ നിരീക്ഷിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly